**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 126** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി - ഗുണ്ടാ മാഫിയ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും ഗുണ്ടാ - ലഹരിമാഫിയാ സംഘങ്ങൾ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി വിലയിരുത്തിയിട്ടില്ല. |
| (ബി) | ഇത്തരം അക്രമസംഭവങ്ങൾ നേരിടുന്നതിൽ പോലീസ് നിഷ്ക്രിയമാണെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ: എങ്കിൽ അക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി വിലയിരുത്തിയിട്ടില്ല. |
| (സി) | ഗുണ്ടാ - ലഹരിമാഫിയാ സംഘങ്ങളുടെ പ്രവർത്തനം കർശനമായി തടയുന്നതിനും സമാധാന അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഗുണ്ടാ - ലഹരിമാഫിയാ സംഘങ്ങളുടെ പ്രവർത്തനം കർശനമായി തടയുന്നതിനും സമാധാന അന്തരീക്ഷം ഉറപ്പ് വരുത്തുന്നതിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>1)**ഓപ്പറേഷൻ ആഗ്:** ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും പൊതു സമാധാന സുരക്ഷ ഉറപ്പ വരുത്തുന്നതിനായും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായും ഓപ്പറേഷൻ ആഗ് സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്.<br><br>2)**ഓപ്പറേഷൻ ഡി ഹണ്ട്:** മയക്കുമരുന്ന് വിപണനം തടയുന്നതിനായി ഓപ്പറേഷൻ ഡി ഹണ്ട് എന്ന പേരിലും സ്പെഷ്യൽഡ്രൈവ് നടത്തിയിട്ടുണ്ട്.<br><br>3)**ഓപ്പറേഷൻ കാവൽ:** സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിനും അവർക്കെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഓപ്പറേഷൻ കാവൽ എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ |

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ കണ്ടെത്തി സമയബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമനടപടികളും സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് ഗുണ്ടകൾ, മയക്കുമരുന്ന് സംഘങ്ങൾ തുടങ്ങിയവരുടെ സംഘടിത പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനായി എല്ലാ പോലീസ് ജില്ലകളിലെയും പോലീസ് മോധാവിമാരുടെ മേൽനോട്ടത്തിൽ **Special Action Group against Organised Crimes (SAGOC)** രൂപീകരിച്ചിട്ടുണ്ട്.

**Anti-Organised Crimes Cell (AOCC)** പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന പ്രസ്തുത **(AOCC)** അതാത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ നിയമ നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഗുണ്ടകളുടെയും ലഹരി സംഘങ്ങളുടെയും അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ കാപ്പ സെല്ലുകൾ ശക്തമായി പ്രവർത്തിച്ചുവരുന്നു.

സ്ഥിരമായി NDPS കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്കെതിരെ PITNDPSനിയമ പ്രകാരം നടപടി സ്വികരിച്ചു വരുന്നു.

എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലഹരി മാഫിയ സംഘങ്ങൾ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം മുഖേനയും, ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, സ്വന്തമായും, പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണത്തോടെയുമുള്ള ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പരിശോധനകളും റെയ്ഡുകളും നടത്തുന്നതിനായി ജില്ലയിലെ രണ്ട് വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ച് ദിവസേന രണ്ടു സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവയും ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, അന്തർ സംസ്ഥാന ബസ്സുകൾ

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള വാഹനങ്ങൾ എന്നിവിടങ്ങളിലും പരിശോധന നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനകൾ നടത്തി വരുന്നതിനോടൊപ്പം, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂമും, എക്സൈസ് സർക്കിൾ ഓഫീസുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഓരോ സ്ട്രൈക്കിംഗ് ഫോഴ്സുകളും, കേരള കർണ്ണാടക അതിർത്തിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളിലും ചെക്ക്പോസ്റ്റ് കൂടാതെയുള്ള റോഡുകളിലും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിച്ച് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ